## പതിമൂന്നാം കേരള നിയമസഭ

## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 762 — 11/06/14-ൽ മറുപടിയ്ക്ക്

### ഫാർമസിസ്റ്റ് അല്ലാത്തവരുടെ മരുന്നു വിതരണം

| ചോദ്യം<br><br>ശ്രീ. പി. കെ ബഷീർ | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്ന് വിതരണം ചെയ്യരുതെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ.; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) & (സി) | ഇക്കാര്യത്തിൽ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 04.03.2014 ലെ നിർദ്ദേശാനുസരണം അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കും, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റുമാർ മാത്രമേ മരുന്നു വിതരണം ചെയ്യാവൂ എന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫാർമസി നിയമം 1948 സെക്ഷൻ 42 പ്രകാരം ഫാർമസിസ്റ്റ് അല്ലാത്തവർ മരുന്നുകൾ വിതരണം ചെയ്യുന്നത് പരിശോധിക്കുന്നതിന് വേണ്ടി സംസ്ഥാന ഫാർമസി കൗൺസിൽ ഫാർമസി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.